"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ വിവിധ ഓഫീസുകളിലേയ്ക്കായി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.232/2026/TAXES തീയതി, തിരുവനന്തപുരം, 24-02-2026**

---

പരാമർശം:- 1. 30.01.2026-ലെ സ.ഉ.(കൈ)നം.6/2026/നികുതി.

2. 11.02.2026-ലെ സ.ഉ.(സാധാ)നം.172/2026/നികുതി.

3. എക്സൈസ് കമ്മീഷണറുടെ 13.02.2026-ലെ EXC/3397/2023-XD1നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി 134 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികളിൽ 131 എണ്ണം വിവിധ ജില്ലകൾ / ഓഫീസുകളിലേയ്ക്കായി അനുവദിച്ചും അവശേഷിക്കുന്ന 2 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികകളും 1 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയും എപ്രകാരം അനുവദിക്കുമെന്നതു സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന 3 തസ്തികകൾ ഏതൊക്കെ ജില്ലകൾ/ഓഫീസുകളിൽ അനുവദിക്കണം എന്നതു സംബന്ധച്ച് പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി പരാമർശം (1) പ്രകാരം സൃഷ്ടിച്ച 134 തസ്തികകളിൽ പരാമർശം (2) പ്രകാരം എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി അനുവദിച്ച 131 തസ്തികകൾ കിഴിച്ച് അവശേഷിക്കുന്ന 2 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികകളും 1 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയും ചുവടെ ചേർക്കുംപ്രകാരം വിവിധ ഓഫീസുകളിൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | വിന്യസിക്കേണ്ടതായ ഓഫീസ് | എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം | 1 |
| | | സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്റർ, തൃശ്ശൂർ | 1 |
| 2 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി.) ഓഫീസ്, തിരുവനന്തപുരം | 1 |
| ആകെ എണ്ണം | | | 3 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ്
4. വെബ് & ന്യു മീഡിയ (പ്രസിദ്ധീകരണത്തിനായി).
5.. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്1/41/2026-നികുതി)

ഉത്തരവിൻ പ്രകാരം,

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ.
Date: 24-02-2026 12:28:13